**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 549** **09-06-2021 - ൽ മറുപടിയ്ക്ക്**

**ആദിവാസിക്ഷേമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ . പി . അനിൽ കുമാർ** | | **Shri K. Radhakrishnan**<br>**(പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ പട്ടികവർഗ്ഗ മേഖലയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച് സ്ഥിതിവിവര റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (എ) | തയ്യാറാക്കിയിട്ടുണ്ട്. പട്ടികവർഗ്ഗ മേഖലയിൽ നടത്തിയ സോഷ്യോ എക്കണോമിക് സർവ്വെയുടെ ഭാഗമായി പട്ടികവർഗ്ഗ കോളനികളെ സംബന്ധിച്ച് ഒരു സമഗ്ര വിവരശേഖരണം നടത്തി. ആയത് സർക്കാരിന്റെ ഡാറ്റ സെൻററിൽ സൂക്ഷിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ മേഖലയുടെ സമഗ്ര വികസനത്തിനായി ഈ വിവര ശേഖരണം പ്രയോജനപ്പെടുത്തുന്നതാണ്. ഈ സർവ്വേയിലൂടെ ആകെ 6507 കോളനികളെ സംബന്ധിച്ചും 1,46,720 കുടുംബങ്ങളെ സംബന്ധിച്ചും 4,85,398 വ്യക്തിഗത വിവരങ്ങളും ശേഖരിച്ചിട്ടുണ്ട്. |
| (ബി) | പട്ടികവർഗ്ഗ മേഖലകളിൽ ആദിവാസിക്ഷേമത്തിനായി നടപ്പാക്കിയ പദ്ധതികളുടെ നേട്ടങ്ങളെയും കോട്ടങ്ങളെയും സംബന്ധിച്ചും പദ്ധതികൾക്കനുവദിച്ച തുകയുടെ വിനിയോഗം സംബന്ധിച്ചുമുള്ള പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ? | (ബി) | ഉണ്ട്.പട്ടികവർഗ്ഗ മേഖലയിൽ നടപ്പിലാക്കി വരുന്ന പദ്ധതികളെയും അവയ്ക്ക് അനുവദിക്കുന്ന തുകയുടെ വിനിയോഗവും സംബന്ധിച്ച് സംസ്ഥാന ആസൂത്രണ ബോർഡ് കൃത്യമായ വിലയിരുത്തൽ നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിലുള്ള പഠന റിപ്പോർട്ട് സാമ്പത്തിക അവലോകന റിപ്പോർട്ടിൽ ഉൾപ്പെടുത്തുകയും ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ